**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019 ലെ യോഗതീരുമാനം നം. 4.28 - കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ കാനാറായിൽ പണി കഴിപ്പിച്ച വൈദ്യുതി ശ്മശാനം പഴയകുന്നുമ്മൽ പഞ്ചായത്തിന് കൈമാറുന്നതിനും ശ്മശാനത്തിന്റെ പ്രവർത്തനം MHT കമ്പനിയെ ഏൽപ്പിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ) നം.2677/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 27.11.2019.

പരാമർശം:- 1. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.2019 തീയതിയിലെ ബിപി.3 -153/2018/കെ.എം.ആർ നമ്പർ കത്തും ഭരണ സമിതി തീരുമാനവും.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019 ലെ യോഗതീരുമാനം നം. 4.28.

**ഉത്തരവ്**

കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തും ബ്ലോക്കിനു കീഴിലെ ഗ്രാമപഞ്ചായത്തുകളും സംയുക്തമായി പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ കാനാറായിൽ വൈദ്യുതി ശ്മശാനം നിർമ്മിച്ച ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കുടിവെള്ളം ടോയ് ലെറ്റ് സൗകര്യം കൂടി ചെയ്യാനുണ്ട്. മേൽ ശ്മശാനം പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിന് കൈമാറാനും ശ്മശാനത്തിന്റെ നിർമ്മാണം നടത്തിയ MHT എഞ്ചിനീയറിംഗ് കമ്പനിയുമായി കരാറിലേർപ്പെട്ട് വൈദ്യുതി ശ്മശാനം പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്നും പരാമർശം ഒന്ന് പ്രകാരം കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം പരാമർശം രണ്ട് പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. ശ്മശാനവുമായി ബന്ധപ്പെട്ട ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഈ വർഷം തന്നെ നടത്തണമെന്ന നിബന്ധനയോടെ ശ്മശാനം പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിന് കൈമാറാൻ അനുമതി നൽകുന്നു. എന്നാൽ സംയുക്തമായി നിർമ്മിച്ചതാകയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അത് പാലിക്കേണ്ടതാണ്.

2. ശ്മശാനത്തിന്റെ പ്രവർത്തനം MHT കമ്പനിയെ ഏൽപ്പിക്കുന്നതിന് അനുമതി നൽകുന്നു. എഗ്രിമെന്റ് അടക്കം മറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്

സെക്രട്ടറി, പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ്ജനറൽ (എ&ഇ / ഓഡിറ്റ്), തിരുവനന്തപുരം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ